LIBRARY ARCHIVES Kerala Legislative Assembly

Item of Expenditure	*Expenditure booked and adjusted up to and including 50-51* Rs.	As.	P.
10. Loans paid from the Travancore portion of the Fund ..	2,33,372	9	3
11. Do. from Cochin portion ..	1,30,000	0	0
12. Pay of staff, contingency etc. incurred from the Cochin portion of the Fund ..	9,303	1	3
13. Contingency expenses incurred from the Travancore portion of the Fund ..	2,944	8	4
Total ..	7,13,980	2	8

ഗ്രാമോദ്ധാരണ പരിശീലനം

൧൪൬. (൯) **ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി**: താഴെ പറയുന്നചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായ കേന്ദ്രങ്ങളിൽ ഗ്രാമോദ്ധാരണം സംബന്ധിച്ചു പരിശീലനം നൽകിവരുന്നുണ്ടോ? ഉണ്ടെങ്കിൽ അപ്രകാരം പരിശീലനം നൽകുന്ന ഉദ്യോഗസ്ഥൻ ആരെന്നും എവിടെയെന്നും പറയുവാൻ ദയവുണ്ടാകുമോ?

വ്യവസായവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ):— ഇല്ല.

ശ്രീ. പരമേശ്വരൻ നായരുടെ നിയമനം.

*൧൪൫. (൪൨) **ശ്രീ. കെ. എം. മാത്യു**: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുടെ പ്രൈവററ സിക്രട്ടറിയായിരുന്ന ശ്രീ. പരമേശ്വരൻനായരെ ട്രാൻസ്പോർട്ടുവകുപ്പ ഡയറക്ടരുടെ അസിസ്റ്റൻറായി നിയമിപ്പാൻ പ്രത്യേകകാരണങ്ങൾ എന്തു്;

(ബി) അദ്ദേഹത്തിൻെറ ഈ നിയമനംമൂലം ആരുടെയെങ്കിലും സിനിയോറിട്ടിയും, അവകാശവും അവഗണിക്കപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ശ്രീ. പരമേശ്വരൻ നായരെ ട്രാൻസ്പോർട്ടു ഡയറക്ടരുടെ Personal Assistant ആയിട്ടാണ് നിയമിച്ചിരിക്കുന്നതു്. അതിനുമുൻപ് Personal Assistant ആയിരുന്ന ഉദ്യോഗസ്ഥൻ അവധിയിൽ പ്രവേശിച്ചപ്പോൾപകരം ഭരണപരിചയവും തഴക്കവുംഉള്ള ഒരാളെ തൽസ്ഥാനത്തു അത്യാവശ്യമായി നിയമിക്കേണ്ടിയിരുന്നതുകൊണ്ടാണ് ശ്രീ. പരമേശ്വരൻ നായരെ നിയമിച്ചതു്.

(ബി) ഇല്ല.

മെഡിക്കൽ കോളേജ് തിരഞ്ഞെടുപ്പ്

*൧൪൯. (൪൩) **ശ്രീ. കെ. എം. മാത്യു**: (എ) മെഡിക്കൽ കോളേജിലേക്കു തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളിൽ ഇൻറർമീഡിയററ് പരീക്ഷയ്ക്കു രണ്ടുപ്രാവശ്യം കൂടിയ ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആ വിദ്യാർത്ഥികൾ ഗെയിംസിനു് (games) ഉള്ള പ്രവീണതയ്ക്കു് എത്രമാർക്ക് കമ്മററി നൽകിയാണു് തിരഞ്ഞെടുത്തതു്?